പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5592

25.10.2011 ൽ മറുപടിയ്ക്ക്

## വയനാട് വിനോദസഞ്ചാര വികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ്കുമാർ | | (ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ; | (എ) | കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ മണ്ഡലം തിരിച്ചുളള പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിലെ വിനോദസഞ്ചാര വികസനത്തിനായി ഈ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ് ; | (ബി) | മാവിലംതോടിൽ പഴശ്ശി സ്മാരക പാർക്കിന് അനുമതി അന്തിമ ഘട്ടത്തിലാണ്. മറ്റു പദ്ധതികൾക്കായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കാരാപ്പുഴയിൽ ടൂറിസം വികസനത്തിനായുള്ള ഒരു പദ്ധതി കേന്ദ്ര ധനസഹായത്തിനായി സമർപ്പിക്കുന്ന കാര്യവും വയനാടിന്റെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കി ടൂറിസം മെഗാസർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന് ധനസഹായത്തിനു സമർപ്പിക്കുന്ന കാര്യവും സജീവ പരിഗണനയിലുണ്ട്. |
| (സി) | ഫാം ടൂറിസം, അഡ്വെഞ്ചർ ടൂറിസം എന്നിവ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കൽപ്പറ്റ നിയോജക മണ്ഡലം

1. ലക്കിടി പ്രവേശന കവാടം നവീകരണവും, വയനാട് ജില്ലയുടെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ചിത്രങ്ങൾ ആലേഖനം ചെയ്യൽ-, ഇൻഫർമേഷൻ സെന്റർ നവീകരണം.
2. തരിയോട് ഗ്രാമപഞ്ചായത്തിലെ കറാലാട് തടാകം വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിച്ചു. ഇവിടെ ഹെറിറ്റേജ് വില്ലേജ്, ഫെസിലിറ്റേഷൻ സെന്റർ, ബോട്ടിംഗ്, ഗാർഡൻ എന്നിവ നിർമ്മിച്ചു.
3. ഡി.ടി.പി.സി ഓഫീസ് നവീകരിക്കുന്ന പ്രവർത്തികൾ നടത്തി.
4. വൈത്തിരി-പൂക്കോട് തടാകം റോഡ് നവീകരണ പ്രവർത്തി പൂർത്തീകരിച്ചു.
5. കാവുമന്ദം-കറലാട് റോഡ് വികസനത്തിന് 80 ലക്ഷം രൂപ അനുവദിച്ചു. പ്രവർത്തി ആരംഭിച്ചു.
6. പടിഞ്ഞാറത്തറ - ബാണാസുര സാഗർ - ചന്തിപ്പൊയിൽ റോഡ് വികസനത്തിന് 150 ലക്ഷം രൂപ അനുവദിച്ചു.

## സുൽത്താൻ ബത്തേരി നിയോജക മണ്ഡലം

1. അമ്പലവയൽ മൾട്ടീമീഡിയ തിയേറ്റർ നവീകരിച്ച് പ്രവർത്തന സജ്ജമാക്കി.
2. സുൽത്താൻ ബത്തേരിയിൽ ടൂറിസം കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് നടത്തിപ്പ് ചുമതല കെ.റ്റി.ഡി.സി യെ ഏൽപ്പിച്ചു.
3. അമ്പലവയൽ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് ഇൻ വയനാട് എന്ന പദ്ധതി പ്രവർത്തി നിർമ്മാണം ആരംഭിച്ചു.
4. കൊളഗപ്പാറ, ആയിരംകൊല്ലി എടക്കൽ ഗുഹ റോഡിന് 5.90 കോടി രൂപ അനുവദിച്ചു. പ്രവർത്തി ആരംഭിച്ചു.
5. കൊളഗപ്പാറ - അമ്പലവയർ RARS റോഡ് നവീകരണ പ്രവർത്തിക്ക് 2 കോടി രൂപ അനുവദിച്ചു പ്രവർത്തനം ആരംഭിച്ചു.
6. മുത്തങ്ങയിൽ ഇക്കോ - ഹട്ടുകളുടെ പ്രവർത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചു.
7. സുൽത്താൻ ബത്തേരിയിൽ ടൗൺ സ്ക്വയർ പ്രൊജക്ട് നിർമ്മാണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## മാനന്തവാടി മണ്ഡലം.

1. തിരുനെല്ലി, കുറുവാദ്വീപ് എന്നിവിടങ്ങളിൽ ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം പൂർത്തീകരിച്ചു.
2. തരുനെല്ലി കിഴക്കേനട റോഡ് പ്രവർത്തി സ്റ്റെപ്പുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു.
3. തിരുനെല്ലിയിൽ. കെ.റ്റി.ഡി.സി, Easy Tamarind ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.
4. മാനന്തവാടി ടൗണിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചു.
5. കുറുവാ ദ്വീപിൽ 10 ലക്ഷം രൂപ ചെലവിൽ ബോട്ട് ജെട്ടി നിർമ്മിച്ചു.
6. കുഞ്ഞോം - ദയരോം അങ്ങാടി റോഡ് നവീകരണം പ്രവർത്തി പൂർത്തീകരിച്ചു.
7. കൊയിലേരി - പയ്യമ്പള്ളി - കുറുക്കൻമല - കുറുവാ റോഡ് വികസനത്തിന് 4.83 കോടി രൂപ അനുവദിച്ചു.
8. അമ്പലവയൽ - നീർവാരം - ദാസനക്കര - പാക്കം - കുറുവാ ദ്വീപ് റോഡ് വികസനത്തിന് 4.50 കോടി രൂപ അനുവദിച്ചു.
9. വെള്ളമുണ്ട - മൊതക്കര - പന്തിപ്പൊയിൽ, പടിഞ്ഞാറത്തറ റോഡ് പ്രവർത്തിക്ക് 4 കോടി രൂപ അനുവദിച്ചു.
10. ബേഗൂർ - തിരുനെല്ലി റോഡ് നവീകരണ പ്രവർത്തിക്ക് 5.75 കോടി രൂപ അനുവദിച്ചു.
11. രണ്ടാം ഗേയ്റ്റ് - കുറുവാ ദ്വീപ് റോഡ് നവീകരണം പ്രവർത്തിക്ക് 214 ലക്ഷം രൂപ അനുവദിച്ചു.

സെക്ഷൻ ഓഫീസർ